(സി) സാമൂഹ്യ മത്സ്യകൃഷി നടപ്പാക്കിത്തുടങ്ങിയ 1997-98-നു മുൻപും അതിനുശേഷവുമുള്ള വർഷങ്ങളിലെ മത്സ്യത്തിന്റെ ലഭ്യത താഴെ ചേർക്കുന്നു:

1990-1991	36342	മെ. ടൺ
1991-1992	40365	,,
1992-1993	42390	,,
1993-1994	45482	,,
1994-1995	48192	,,
1995-1996	49586	,,
1996-1997	52105	,,
1997-1998	58215	,,
1998-1999	65855	,,
1999-2000	74130	,,
2000-2001	85234	,,
2001-2002	78039	,,
2002-2003	75036	,,
2003-2004	76279	,,
2004-2005	76451	,,

പ്രസ്തുത കണക്കുകളും സാമൂഹ്യ മത്സ്യകൃഷി നടപ്പാക്കിയതിനു ശേഷം ഉൾനാടൻ മത്സ്യകൃഷിയിൽ ഗണ്യമായ പുരോഗതി ഉണ്ടായതായി വ്യക്തമാക്കുന്നു.

കഞ്ചാവ് കൃഷി തടയാൻ നടപടി

14 [389] ശ്രീ. തോമസ് ചാഴികാടൻ:
,, റോഷി അഗസ്റ്റിൻ:
,, കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഞ്ചാവുകൃഷി തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കാമോ;

(ബി) ഇതിനായി പ്രത്യേക പോലീസ് ഫോഴ്സ് സ്ക്വാഡ് രൂപീകരിക്കാൻ പദ്ധതിയുണ്ടോ;

(സി) എങ്കിൽ എവിടെയൊക്കെയാണ് ഇത്തരം സ്ക്വാഡ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) ഇതു സംബന്ധിച്ച് ഫോഴ്സ് വകുപ്പിന്റെ പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ;

(ഇ) കഞ്ചാവുകൃഷി പൂർണ്ണമായും തടയുന്നതിന് ഉദ്ദേശിക്കുന്ന നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വനഭാഗങ്ങളിലെ കഞ്ചാവ് കൃഷി കണ്ടെത്താൻ സംരക്ഷണ ജീവനക്കാർ ഉൾപ്പെട്ട പ്രത്യേക സംഘങ്ങൾ രൂപീകരിച്ച് കഞ്ചാവ് കൃഷി നശിപ്പിച്ച് വരുന്നുണ്ട്. ഇൻഫോർമർമാരുടെ സേവനം

LIBRARY ARCHIVES Kerala Legislative Assembly

ഉപയോഗപ്പെടുത്തി ഉൾവനങ്ങളിലെ കഞ്ചാവ് കൃഷിയെക്കുറിച്ച് രഹസ്യ വിവരം ശേഖരിച്ച് നശിപ്പിച്ചുവരുന്നു. വനസംരക്ഷണ സമിതിയുടെ സഹായത്തോടെയും കഞ്ചാവ് കൃഷി കണ്ടെത്തി നശിപ്പിക്കാറുണ്ട്. അതാത് പ്രദേശങ്ങളിലെ സന്നദ്ധ സംഘടനകൾ, പൊതുജനങ്ങൾ, ആദിവാസികൾ എന്നിവരുടെ സേവനവും ഇതിനായി പ്രയോജനപ്പെടുത്താറുണ്ട്. ഉന്നത ഉദ്യോഗസ്ഥൻമാരുടെ നേതൃത്വത്തിൽ വനം, പോലീസ്, എക്സൈസ് എന്നീ വകുപ്പുകളുടെ പങ്കാളിത്തത്തോടുകൂടി കഞ്ചാവു കൃഷി കണ്ടെത്തി നശിപ്പിക്കുന്നതിന് വിപുലമായ റെയിഡുകൾ നടത്തുന്നുണ്ട്. കുറ്റവാളികളെ കണ്ടുപിടിച്ച് നിയമാനുസരണം ശിക്ഷാ നടപടികളും സ്വീകരിക്കുന്നുണ്ട്. അഹാഡ്സ് ഉദ്യോഗസ്ഥരുടെ സേവനവും ഉപയോഗിക്കാറുണ്ട്. ദുർഘടമായ ഉൾവനങ്ങളിൽ എത്തിപ്പെടാൻ സാധിക്കാത്തതിനാൽ ഇവിടുത്തെ കഞ്ചാവ് കൃഷി വ്യോമസേനയുടെ സഹായത്തോടെ ഹെലിക്കോപ്ടർ ഉപയോഗിച്ച് കണ്ടെത്തി നശിപ്പിക്കുന്നതിന് നിർദ്ദേശം പരിഗണനയിൽ ഉണ്ട്. കഞ്ചാവ് കൃഷി നശിപ്പിക്കുന്നതിന് ജി. ഒ. (ആർ. റ്റി.) 356/05/വനം. തീയതി 24-6-2005 പ്രകാരം എല്ലാ ജില്ലകളിലും വനം, പോലീസ്, എക്സൈസ്, പട്ടികവർഗ്ഗ വികസനം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരടങ്ങിയ ജില്ലാസമിതി രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. കഞ്ചാവുകൃഷി കണ്ടുപിടിക്കുവാൻ റിമോട്ട് സെൻസിംഗ് ടെക്നിക് നടപ്പിലാക്കുവാൻ സാധിക്കുമോ എന്നതും പരിശോധിച്ചുവരുന്നു. ഇതിനെ സംബന്ധിച്ചുള്ള പഠനത്തിന് സെക്കന്തരാബാദിലെ അഡ്വാൻസ്ഡ് ഡാറ്റാ പ്രോസസിംഗ് ഇൻസ്റ്റിറ്റ്യൂട്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) 28-5-2005-ലെ ആഭ്യന്തരവകുപ്പിന്റെ സ.ഉ. (സാധാ)1324/05/ആഭ്യന്തരം ഉത്തരവ് പ്രകാരം, ഇടുക്കി ജില്ലയിലെ കമ്പക്കല്ല്-കടവരി ഭാഗങ്ങൾ സംരക്ഷിക്കുന്നതിനും, കഞ്ചാവുകൃഷി തടയുന്നതിനുമായി രണ്ട് പോലീസ് ഔട്ട്പോസ്റ്റുകൾ രൂപീകരിച്ചിട്ടുണ്ട്. 3-6-2005-ലെ വനം, വന്യജീവി വകുപ്പിന്റെ സ. ഉ.(കൈയെഴുത്ത്)66/05/വനം ഉത്തരവ് പ്രകാരം കമ്പക്കല്ല്-കടവരി പ്രദേശത്ത് രണ്ട് ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) കഞ്ചാവ്കൃഷി പൂർണ്ണമായും തടയുന്നതിന് നിരന്തരം വിപുലമായ റെയിഡുകൾ നടത്തിയും നിരന്തര പട്രോളിംഗ് നടത്തിയും കഞ്ചാവ് കൃഷി കണ്ടെത്തി നശിപ്പിക്കുന്നു. ഈ പ്രദേശങ്ങളിൽ വീണ്ടും കൃഷി ആരംഭിക്കുന്നത് തടയുന്നതിനായി വനം ഉദ്യോഗസ്ഥരെ പ്രത്യേകം പ്രത്യേകം സ്ക്വാഡുകളായി തിരിച്ച് പട്രോളിംഗ് ഊർജ്ജിതമാക്കിയിട്ടുണ്ട്. കൂടാതെ റെയ്ഞ്ച് സ്റ്റാഫിന്റെ നേതൃത്വത്തിൽ വനത്തിൽ തമ്പടിച്ച് വനസഞ്ചാരങ്ങളും നടത്തിവരുന്നു. കഞ്ചാവ്കൃഷി ധാരാളമായി നടത്തുന്ന കമ്പക്കല്ല്-കടവരി ഭാഗങ്ങളിൽ രണ്ടു സ്റ്റേഷനുകൾ പുതുതായി രൂപീകരിച്ച് ആവശ്യമായ കൂടുതൽ നടപടികളും സ്വീകരിച്ചുവരുന്നു. കഞ്ചാവുകൃഷി നടത്തിയതിനുള്ള കുറ്റവാളികളെ കണ്ടെത്തിയാൽ ഭാവിയിൽ അറസ്റ്റു ചെയ്ത് ശിക്ഷണ നടപടികളും സ്വീകരിച്ച് എക്സൈസ് വകുപ്പിനെ കൈമാറുകയും ചെയ്തുവരുന്നു. ഉൾവനങ്ങളിൽ കഞ്ചാവു കൃഷി നടത്തുന്നത് തടയുന്നതിനായി കൃഷിയിടങ്ങൾ കണ്ടുപിടിക്കാൻ ഹെലിക്കോപ്റ്ററുകളുടെ സേവനം ലഭ്യമാക്കുവാനും റിമോട്ട് സെൻസിംഗ്

LIBRARY ARCHIVES Kerala Legislative Assembly

ടെക്നിക് നടപ്പിലാക്കുവാൻ സാധിക്കുമോ എന്നും പരിശോധിച്ചുവരുന്നു. കൂടാതെ കഞ്ചാവ് കൃഷി പൂർണ്ണമായും നശിപ്പിക്കുന്നതിന് കേന്ദ്രസഹായത്തോടെ സമഗ്രമായ ഒരു പദ്ധതി നടപ്പിലാക്കുന്നതിന് പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

അമേരിക്കയിലേക്കുള്ള ചെമ്മീൻ കയറ്റുമതി

15 [390] ശ്രീ. സി. പി. മുഹമ്മദ്:
,, ജി. കാർത്തികേയൻ:
,, വർക്കല കഹാർ:
ഡോ. എം. എ. കുട്ടപ്പൻ:
പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിൽ നിന്ന് അമേരിക്കയിലേക്കുള്ള ചെമ്മീൻ കയറ്റുമതി അസാദ്ധ്യമാക്കി തീർക്കുന്ന എന്തെല്ലാം നടപടികളാണ് അമേരിക്ക സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത നടപടികൾ സംസ്ഥാനത്ത് നിന്ന് അമേരിക്കയിലേക്കുള്ള ചെമ്മീൻ കയറ്റുമതിയെ ഏതെല്ലാം വിധത്തിൽ ബാധിച്ചിട്ടുണ്ട്;

(സി) ഇതിന് എപ്രകാരം പരിഹാരം കാണാനുദ്ദേശിക്കുന്നു?

ഉത്തരം

(എ) ഇന്ത്യയിൽനിന്നുള്ള ശീതീകരിച്ച ചെമ്മീൻ കയറ്റുമതിക്ക് 2004 ആഗസ്റ്റ് 4-ാം തീയതി മുതൽ 10.17% ആൻറി ഡമ്പിംഗ് ഡ്യൂട്ടി അമേരിക്ക ചുമത്തിയതാണ് ഇന്ത്യയിൽ നിന്ന് അമേരിക്കയിലേക്കുള്ള ചെമ്മീൻ കയറ്റുമതിയിൽ കുറവുണ്ടാകുവാൻ.

(ബി) അമേരിക്കയുടെ നടപടി മൂലം സംസ്ഥാനത്തുനിന്ന് അമേരിക്കയിലേക്കുള്ള ചെമ്മീൻ കയറ്റുമതിയിൽ കുറവു വന്നിട്ടുണ്ട്. 2003 ആഗസ്റ്റ് മുതൽ 2004 മാർച്ച് വരെയുള്ള കാലയളവിൽ (8 മാസം) 2569 ടൺ ചെമ്മീൻ കയറ്റുമതി ചെയ്തിരുന്നു. 2004 ആഗസ്റ്റ് മുതൽ 2005 മാർച്ച് വരെയുള്ള കാലയളവിൽ ആയത് 2153 ടൺ ആയി കുറഞ്ഞു. 2003-2004-ൽ കയറ്റുമതിയിൽ നിന്ന് 59.31 കോടി രൂപ ലഭിച്ചുപ്പോൾ 2004-2005-ൽ അത് 57.97 കോടി രൂപയായി താഴ്ന്നു.

(സി) ഭാരതത്തിലെ സമുദ്രോല്പന്ന കയറ്റുമതി അസോസിയേഷൻ അമേരിക്കയുടെ ഈ നടപടിക്കെതിരെ അന്താരാഷ്ട്ര ട്രേഡ് കമ്മീഷനിൽ ഒരു പരാതി ഫയൽ ചെയ്തു. നമ്മുടെ താൽപര്യം സംരക്ഷിക്കുന്നതിന് വേണ്ടതായ നടപടികൾ സ്വീകരിക്കാൻ അമേരിക്കയിലെ വിൽക്കിഫാർ ആൻറ് ഗല്ലാർ (ഡബ്ല്യൂ. എഫ്. ജി.) എന്ന നിയമ സ്ഥാപനത്തെ ഏർപ്പെടുത്തിയിട്ടുണ്ട്. കയറ്റുമതിയിൽ വന്ന കുറവു മൂലം സംസ്ഥാനത്തിനുണ്ടാകാവുന്ന വൈഷ്യത്തുകയും ഈ സ്ഥാപനം ബന്ധപ്പെട്ട അധികാരികളെ ബോധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly